പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1120 15-10-2026-ൽ മറുപടിയ്ക്ക്

അണ്ടോൾ – പൊതാവൂർകടവ് പാലം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിനാനൂർ, കരിന്തളം എന്നീ പഞ്ചായത്തുകളെ സമീപ മണ്ഡലത്തിലെ കയ്യൂർ, ചീമേനി പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തുന്ന തരത്തിൽ അണ്ടോൾ-പൊതാവൂർ കടവ് പാലം നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: പാലം നിർമ്മാണത്തിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിച്ച് കരാറുകാരനുമായി എഗ്രിമെന്റ് വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് മുമ്പ് നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒൻപതുലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

മറുപടി: ഉണ്ട്. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 05-06-2026 തീയതിയിലെ AS/59F/26/50633 നമ്പർ നടപടിക്രമം പ്രകാരമാണ് ഭരണാനുമതി നൽകിയത്.

(സി) പാലം നിർമ്മാണത്തിന് നിർദ്ദേശിച്ച സ്ഥലത്ത് വർഷങ്ങൾക്ക് മുമ്പ് തോണി അപകടം നടന്നതിന്റെ ഫലമായി അഞ്ചുപേർ മരിക്കാൻ ഉണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: .

(ഡി) അപ്രോച്ച് റോഡ് ഉള്ളതും മുമ്പ് തോണി കടത്ത് ഉണ്ടായിരുന്നതും പാലം നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമായ അണ്ടോൾ പൊതാവൂർ കടവിൽ റോഡ്/പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി എഗ്രിമെന്റ് ഒപ്പ് വച്ച് സൈറ്റ് കൈമാറിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട തുടർന്നുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ